പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 821 28/02/2018-ൽ മറുപടിയ്ക്ക്

## ചുമട്ടുതൊഴിലാളി നിയമത്തിൽ ഓർഡിനൻസ് വഴി മാറ്റങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.സി. ജോസഫ്,<br>" എൽദോസ് പി. കുന്നപ്പിള്ളിൽ. | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(ബഹു. തൊഴിലും നൈപുണ്യവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ചുമട്ടുതൊഴിലാളി നിയമത്തിൽ ഓർഡിനൻസ് വഴി വരുത്തിയ മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) കേരള ചുമട്ടുതൊഴിലാളി നിയമത്തിലെ വേതനവുമായി ബന്ധപ്പെട്ട വകുപ്പ് 9 നുശേഷം ഓർഡിനൻസ് പ്രകാരം 9 എ, 9 ബി, എന്നീ വകുപ്പുകൾ ചേർത്തിട്ടുണ്ട്. 9(എ) പ്രകാരം തൊഴിലുടമക്ക് തന്റെ സ്ഥാപനവുമായി ബന്ധപ്പെട്ട് കണ്ടെയിനറുകളിൽ നിന്നോ വെസ്സലുകളിൽ നിന്നോ മറ്റ് വാഹനങ്ങളിൽ നിന്നോ കയറ്റിറക്ക് ജോലികൾ സ്വന്തമായോ, സ്വന്തം തൊഴിലാളികളെ ഉപയോഗിച്ചോ മെഷീൻ ഉപയോഗിച്ചോ നിർവ്വഹിക്കാവുന്നതാണെന്നും ഈ കാര്യങ്ങളിൽ ചുമട്ടുതൊഴിലാളികളെ നിയോഗിക്കുന്നതിന് തൊഴിലുടമയ്ക്ക് ബാധ്യതയുണ്ടായിരിക്കുന്നതല്ലെന്നും 9(ബി) പ്രകാരം തൊഴിലുടമ/ സ്ഥാപന ഉടമ തൊഴിലാളികളുടെ സേവനം ഉപയോഗപ്പെടുത്തിയിട്ടുണ്ടെങ്കിൽ മാത്രമേ തൊഴിലാളികൾക്ക് സർക്കാർ നിജപ്പെടുത്തിയിട്ടുള്ള വേതനത്തിന് അർഹതയുണ്ടാവുകയുള്ളൂ എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത മാറ്റം കൊണ്ടുവരാനുള്ള സാഹചര്യം എന്തായിരുന്നുവെന്ന് അറിയിക്കാമോ; | (ബി) കേരളത്തെ നിക്ഷേപസൗഹൃദമാക്കുന്നതിനും അതുവഴി തൊഴിലവസരങ്ങളും വരുമാനവും വർദ്ധിപ്പിക്കുന്നതിനുമായി സംസ്ഥാനത്ത് ഒരു വ്യവസായിക പാരിസ്ഥിതികാവസ്ഥ സൃഷ്ടിക്കേണ്ടത് അനിവാര്യമാണ്. സ്വകാര്യ |

മൂലധനത്തെ ആശ്രയിക്കുമ്പോൾ തൊഴിലാളികളുടെ അവകാശം പൂർണ്ണമായും സംരംക്ഷിച്ചുകൊണ്ടായിരിക്കണം പദ്ധതികൾ നടപ്പിലാക്കേണ്ടത്. നടപടിക്രമങ്ങൾ ലഘൂകരിച്ചും, വിവിധ വകുപ്പുകളിലായി നിലനിൽക്കുന്ന പല ചട്ടങ്ങളും നിയമങ്ങളും കാലാനുസൃതമായി പരിഷ്കരിക്കുന്നതുവഴി കേരളത്തിൽ വ്യവസായം അനായാസം നടത്താൻ പറ്റുന്ന പാരിസ്ഥിതികാവസ്ഥ സൃഷ്ടിക്കുന്നതിനും വേണ്ടിയാണ് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ഓർഡിനൻസ് കൊണ്ടുവന്നത്.

| | |
|---|---|
| (സി) ചുമട്ടുതൊഴിലാളി മേഖലയിലെ തർക്കങ്ങൾ പരിഹരിക്കുന്നതിന് പ്രസ്തുത നിയമം കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (സി) പരിശോധിച്ചിട്ടില്ല. |
| (ഡി) നോക്കുകൂലി സംബന്ധിച്ച് നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ; | തൊഴിലെടുക്കാതെ കൂലി വാങ്ങുന്ന അനാരോഗ്യ പ്രവണത തടയപ്പെടേണ്ടതാണ് എന്നാണ് സർക്കാർ നിലപാട്. |
| (ഇ) കേരള നിയമസഭ 2002 ൽ പാസ്സാക്കിയ ദി കേരള ലോഡിംഗ് ആന്റ് അൺ ലോഡിംഗ് (റഗുലേഷൻ ഓഫ് വേജസ് ആന്റ് റസ്റ്റിക്ഷൻ ഓഫ് അൺലാഫുൾ പ്രാക്ടീസസ്) നിയമം നടപ്പിലാക്കേണ്ട എന്ന് തീരുമാനിച്ചിട്ടുണ്ടോ. എങ്കിൽ ആയതിനുള്ള സാഹചര്യമെന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ? | ഉണ്ട്. ചുമട്ടു തൊഴിൽ മേഖലയിലെ അനഭിലഷണീയ പ്രവണതകൾ ഇല്ലാതാക്കുന്നതിനുള്ള വ്യവസ്ഥകൾ അടങ്ങിയ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) നിയമം 2008 പാസ്സാക്കിയ സാഹചര്യത്തിലാണ് ദി കേരള ലോഡിംഗ് ആന്റ് അൺ ലോഡിംഗ് (റഗുലേഷൻ ഓഫ് വേജസ് ആന്റ് റസ്റ്റിക്ഷൻ ഓഫ് അൺലാഫുൾ പ്രാക്ടീസസ്) നിയമം നിലവിലില്ലാതായത്. |

സെക്ഷൻ ഓഫീസർ